സ്പോർട്ട്സിൽ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള ഗവണ്മെന്റു സ്കോളർഷിപ്പ്

* 438. [33] ശ്രീ. കെ. അവുക്കാദർകുട്ടി നഹ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്ട്സിൽ സമർത്ഥരായിട്ടുള്ള എത്ര വിദ്യാർത്ഥികളെയാണു് ഗവണ്മെന്റു സ്കോളർഷിപ്പിനു് ഇക്കൊല്ലം തിരഞ്ഞെടുത്തിട്ടുള്ളതു് ;

(ബി) ഇവരിൽ ഓരോ ജില്ലയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടവർ എത്ര ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 92.

(ബി) ജില്ലാ അടിസ്ഥാനത്തിലല്ല തിരഞ്ഞെടുക്കപ്പെട്ടതു്. ആകെയുള്ള അപേക്ഷകരിൽനിന്നും അവർ സ്പോർട്ട്സിൽ കാണിച്ച സാമർത്ഥ്യത്തെ മാത്രം ആസ്പദമാക്കിയാണു്, സ്കോളർഷിപ്പിനു് തിരഞ്ഞെടുപ്പു നടത്തിയതു്. അതുകൊണ്ടു് കൂടുതൽ ഏതേതു് ജില്ലകളിൽപ്പെട്ടവരാണെന്നുള്ള വിവരം ശേഖരിച്ചിട്ടില്ല.

New State Transport Bus Service

* 439. [35] **Shri Mohsin Bin Ahmed :** Will the Minister for Transport be pleased to state :

(a) have the Government any proposal to start Government Transport service between important places in the Malabar and Cochin area ;

(b) is there any proposal to start services between—

(1) Manjeri and Parappanangadi via. Malappuram

(2) Perinthalmanna and Parappanangadi via. Valanchery and Edarikode

(3) Perinthalmanna and Parappanangadi via. Malappuram

(4) Manjeri and Tirur

(5) Trichur and Triprayar

(6) Parappanangadi and Kozhikode via. Malappuram ; and

(c) if so, when will these proposals come into effect ?

Minister for Transport and Labour (**Shri K. T. Achuthan**) :

(a) There is no proposal now to start transport services between the important places in the Malabar and the Cochin areas.

(b) No.

(c) The question does not arise.

വെൽഫെയർ സ്കൂളുകൾ

* 440. [38] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിൽ ഉള്ള വെൽഫെയർ സ്കൂളുകൾ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിലേക്കു് വിട്ടുകൊടുക്കുന്നതിനു് ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly